പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6966 — 11/07/2014 ൽ മറുപടിയ്ക്ക്

## സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വികസന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. വി. ശശി :<br>ശ്രീ. കെ. അജിത് :<br>ശ്രീമതി. ഗീതാ ഗോപി : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സർക്കാർ സ്കൂളുകളിൽ സ്കൂൾ വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) | ഉണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം, സ്കൂളുകളുടെ സമഗ്രവികസനം എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ. |
| ബി) പ്രസ്തുത പദ്ധതിക്കായി ഓരോ വിദ്യാഭ്യാസ ജില്ലയിലും ഒരു അദ്ധ്യയന വർഷം എത്ര തുകയാണ് ചെലവിടുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | സ്കൂൾ വികസന പദ്ധതിക്കായി പ്രത്യേകമായി തുക അനുവദിക്കുന്നില്ല. എന്നാൽ എസ്.എസ്.എ, ആർ.എം.എസ്.എ, എൽ.എസ്.ജി.ഡി, എം.എൽ.എ, എം.പി. ഫണ്ട് എന്നീ നിലകളിൽ വിദ്യാലയ വികസനത്തിനായി തുക ചെലവഴിക്കുന്നുണ്ട്. |
| സി) എയ്ഡഡ് സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ഇതിനായി ഒരു അദ്ധ്യയന വർഷം എത്ര തുക വേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ ? | (സി) | എസ്.എസ്.എ യുടെ കീഴിൽ സ്കൂൾ വികസന പദ്ധതി എയ്ഡഡ് വിദ്യാലയങ്ങളിലും നടപ്പിലാക്കുന്നുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിക്ക് സർക്കാർ വിദ്യാലയത്തിലെന്ന പോലെ എയ്ഡഡ് വിദ്യാലയത്തിനും പ്രത്യേക തുക അനുവദിക്കുന്നില്ല. |

Sheela H

സെക്ഷൻ ഓഫീസർ